പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 3014 | 13.07.2015 ൽ മറുപടിയ്ക്ക്

## ചേലമ്പ്ര നാരായണൻ നായർ ഹയർ സെക്കണ്ടറി സ്കൂളിൽ നിന്നും എസ്.എസ്.എൽ.സി. ബുക്കുകൾ നഷ്ടപ്പെട്ടത്

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.പി.ശ്രീരാമകൃഷ്ണൻ | | ശ്രീ. രമേശ് ചെന്നിത്തല (ബഹു.ആഭ്യന്തരവും വിജിലൻസും വകുപ്പമന്ത്രി) |
| (എ) | മലപ്പുറം ജില്ലയിലെ ചേലമ്പ്ര നാരായണൻ നായർ ഹയർ സെക്കണ്ടറി സ്കൂളിൽ നിന്നും കുട്ടികൾക്ക് വിതരണം ചെയ്യാൻ സൂക്ഷിച്ചിരുന്ന എസ്.എസ്.എൽ.സി. ബുക്കുകൾ നഷ്ടപ്പെട്ടത് സംബന്ധിച്ച് സർക്കാരിന് പരാതി ലഭിച്ചിരുന്നോ; ഇത് സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; | (എ) | പരാതി ലഭിച്ചിരുന്നു. ആയതിന് 13.06.2014 തീയ്യതി തേഞ്ഞിപ്പാലം PS ക്രൈം-395/14 U/S-454,461, 380 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | എത്ര എസ്.എസ്.എൽ.സി. ബുക്കുകളാണ് നഷ്ടപ്പെട്ടിട്ടുള്ളത്; | (ബി) | 21 എസ്.എസ്.എൽ.സി. ബുക്കുകളാണ് നഷ്ടപ്പെട്ടിട്ടുള്ളത്. |
| (സി) | കേസ് രജിസ്റ്റർ ചെയ്തത് എന്നാണെന്ന് വ്യക്തമാക്കാമോ; ഏത് ഉദ്യോഗസ്ഥനാണ് അന്വേഷണ ചുമതല നൽകിയിട്ടുള്ളത്; അന്വേഷണ പുരോഗതി അറിയിക്കാമോ; | (സി) | 13/06/2014-ലാണ് കേസ് രജിസ്റ്റർ ചെയ്തത്. തേഞ്ഞിപ്പാലം എസ്.ഐ. അന്വേഷണം നടത്തി വരുന്നു. കേസ് അന്വേഷണ അവസ്ഥയിലാണ്. |
| (ഡി) | എസ്.എസ്.എൽ.സി. ബുക്ക് നഷ്ടപ്പെട്ടിട്ട് ഒരു വർഷത്തിലധികം പിന്നിട്ടിട്ടും കേസിന് തുമ്പുണ്ടാക്കാൻ കഴിഞ്ഞില്ലെന്ന ആക്ഷേപം ഉയർന്നിട്ടുണ്ടോ; | (ഡി) | നിലവിൽ തേഞ്ഞിപ്പാലം എസ്.ഐ. അന്വേഷണം നടത്തി വരുന്നു. അന്വേഷണം പുരോഗമിക്കുന്നു. |
| (ഇ) | കേസ് അന്വേഷണം ക്രൈംബ്രാഞ്ചിന് കൈമാറണമെന്ന ആവശ്യം ഉന്നയിച്ച് ആഭ്യന്തര വകുപ്പിന് പരാതി ലഭിച്ചിട്ടുണ്ടോ; ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് അറിയിക്കാമോ; | (ഇ) | ഉണ്ട്. നടപടിക്കും റിപ്പോർട്ടിനുമായി മലപ്പുറം ജില്ലാ പോലീസ് മേധാവിക്ക് 08.05.2015-ലെ 36121/D3/2015/Home എന്ന നമ്പർ കത്ത് പ്രകാരം അയച്ചുകൊടുത്തിട്ടുണ്ട്. |
| (എഫ്) | മോഷ്ടിക്കപ്പെട്ട എസ്.എസ്.എൽ.സി. ബുക്കുകൾ ദുരുപയോഗം ചെയ്യാനുള്ള സാധ്യത തടയുന്നതിനും മോഷ്ടാക്കളെ കണ്ടുപിടിക്കുന്നതിനും അന്വേഷണം ഊർജ്ജിതപ്പെടുത്തുമോ? | (എഫ്) | ഇത്തരം ആക്ഷേപങ്ങൾ ശ്രദ്ധയിൽ പ്പെട്ടാൽ കുറ്റക്കാർക്കെതിരെ നിയമനടപടി സ്വീകരിക്കുന്നതാണ്. മേൽ കേസിൽ ഊർജ്ജിതമായ അന്വേഷണം നടന്നുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ